(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ ജലാശയങ്ങൾ, കടൽഭാഗം എന്നിവയെപ്പറ്റിയുള്ള ശാസ്ത്രീയവിവരങ്ങൾ അടിസ്ഥാനമാക്കി മത്സ്യസമ്പത്ത് ചോർന്നു പോകാതെ സംരക്ഷിക്കുവാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) മത്സ്യവിപണനത്തിന് എന്തൊക്കെ ഘടകങ്ങൾ നിലവിലുണ്ടെന്നാണ് സമിതി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ജി) മത്സ്യസമ്പത്തിന്റെ സമഗ്രവിനിമയം കാര്യക്ഷമമായി നടപ്പാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ&സി) സംസ്ഥാനത്തെ മത്സ്യസമ്പത്തിന്റെ സമഗ്രവിനിയോഗത്തെ സംബന്ധിച്ച് പഠിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ ശ്രീ. കെ.എസ്.അലിക്കുഞ്ഞി ചെയർമാനായ ഒരു വിദഗദ്ധസമിതിയെ നിയമിച്ചിരുന്നു. സമിതിയിലെ അംഗവും മുൻ ഫിഷറീസ് ഡയറക്ടറുമായിരുന്ന ശ്രീ. ദേവിദാസ് മേനോന്റെ നിര്യാണം മൂലം വിദഗ്ദ്ധ സമിതിയുടെ പഠനം പൂർത്തിയായിട്ടില്ല.

(ഡി)-(എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ജി) റിപ്പോർട്ടു ലഭിക്കുന്ന മുറയ്ക്കു നടപ്പാക്കുന്നതാണ്.

8 (*98) മാനവീയം പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയം പരിപാടിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതോടനുബന്ധിച്ച് എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളിൽ ഇതനുസരിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) എല്ലാ വകുപ്പുകളിലും ഈ പരിപാടി നടപ്പാക്കുന്നതിന്റെ മേൽനോട്ടവും അധികാരവും സാംസ്കാരികവകുപ്പിനാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പരിപാടികൾ നടപ്പാക്കുന്നതിന് മൊത്തം എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എഫ്) ഈ പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഉദ്ഘാടനത്തിന് മുമ്പായി ഈ പദ്ധതിക്കുവേണ്ടി പണം ചെലവിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതോടൊപ്പം കലാ-സാംസ്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുവാനും നാടൻ കലകൾ പ്രാദേശിക കലാ രൂപങ്ങൾ എന്നിവയ്ക്കു പ്രോത്സാഹനം നല്കുവാനും, വിവിധ വകുപ്പുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ഏറ്റെടുത്ത് നടത്തുന്ന വികസന പരിപാടികൾക്ക് പ്രത്യേകിച്ചും പാർപ്പിടം, കുടിവെള്ളം, പരിസര ആരോഗ്യം എന്നീ രംഗങ്ങളിൽ ഗതിവേഗം വർദ്ധിപ്പിക്കാനും ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും ആവശ്യമായ ബോധവൽക്കരണ പ്രചരണ പരിപാടികൾ നടപ്പാക്കുകയുമാണ് മാനവീയം പരിപാടിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി) മാനവീയം പരിപാടിയുടെ ഭാഗമായി ഒരു മാസം നീണ്ടു നിൽക്കുന്ന സഞ്ചരിക്കുന്ന സിനിമാ പ്രദർശനത്തിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. ചിത്രപ്രദർശനം ശാസ്ത്രകലാജാഥ, പരിസ്ഥിതി മാജിക് ഇവ നടത്തിക്കഴിഞ്ഞു. വിശ്വപ്രസിദ്ധ ചിത്രകാരനായ ശ്രീ. എം.എഫ്. ഹുസൈന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 150 ഓളം ചിത്രകാരന്മാർ പങ്കെടുത്ത 150 മീറ്റർ നീളത്തിലുള്ള ഒറ്റ ക്യാൻവാസിൽ ചിത്രരചന നടത്തി. പണ്ഡിറ്റ് രവിശങ്കറിന്റെ സിതാർ കച്ചേരി, ശ്രീമതി കിഷോരി അമോങ്കറിന്റെ ഹിന്ദുസ്ഥാനി സംഗീത കച്ചേരി, ശ്രീമതി ഷറൺ റാണിയുടെ സരോദ് കച്ചേരി തുടങ്ങിയ പരിപാടികൾ നടത്തുകയുണ്ടായി. ഉത്തരം പരിപാടികൾ തലസ്ഥാനത്തും, ജില്ലാകളിലുമായി തുടർന്നു വരുന്നു.

(സി) പ്രത്യേകമായി ഏതെങ്കിലും പരിപാടികളോ പദ്ധതികളോ നടപ്പാക്കണമെന്നുള്ള നിർദ്ദേശം ഒരു വകുപ്പിനും നൽകിയിട്ടില്ല.

(ഡി) മറ്റു വകുപ്പുകൾ മാനവീയം പരിപാടിയിൽ പ്രവർത്തിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല.

(ഇ) ഇക്കൊല്ലം ഒരു കോടി രൂപ സർക്കാരിൽ നിന്നും മാനവീയം സാംസ്കാരിക മിഷന് നൽകിയിട്ടുണ്ട്.

(എഫ്) മാനവീയം പരിപാടികളുടെ കേളിക്കൊട്ട് 1999 നവംബർ 1-ാം തീയതി നടന്നു. എങ്കിലും ഔപചാരിക ഉദ്ഘാടനം നടന്നത് 2000 ജനുവരി 28-ന് ആയിരുന്നു.

(ജി) മാനവീയത്തിന്റെ ഔപചാരികമായ ഉദ്ഘാടനം 99 ഡിസംബർ 27-ന് നടത്താനിരുന്നത് ദേശീയ ദു:ഖാചരണം പ്രമാണിച്ച് മാറ്റിവച്ചു. ഉദ്ഘാടന പരിപാടികളുടെ തയ്യാറെടുപ്പുകൾക്ക് ധനവിനിയോഗം വേണ്ടിവന്നിട്ടുണ്ട്.

9 (*99) കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കാൻ നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധിതമാക്കുവാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly